# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം-**793** **30.06.2011** ൽ മറുപടിയ്ക്ക്.

**കേന്ദ്ര സർവ്വകലാശാലയുടെ സ്ഥിരം കാമ്പസ് സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ<br>(ഉദുമ) | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>*(വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |
| (എ) | കേന്ദ്ര സർവ്വകലാശാലയുടെ സ്ഥിരം കാമ്പസ് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ ഭൂമി അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സ.ഉ. (എം.എസ്) നം. 77/2011/ആർ.ഡി. തീയതി: 16.02.2011 പ്രകാരം കാസർഗോഡ് ജില്ലയിൽ പെരിയയിൽ പ്ലാന്റേഷൻ കോർപ്പറേഷന് പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുള്ള സ്ഥലത്തുനിന്നും 310 ഏക്കർ സൗജന്യമായി കേന്ദ്ര സർവ്വകലാശാലയ്ക്ക് പതിച്ചു നൽകുകയും, ഈ സ്ഥലം അളന്നു നൽകുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അനുവദിച്ചിട്ടുള്ള ഭൂമി കേന്ദ്ര സർവ്വകലാശാലയ്ക്ക് അളന്ന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഇല്ല |
| (സി) | അനുവദിച്ചു നൽകിയ സ്ഥലത്ത് ഇതുവരെയായിട്ടും നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ തുടങ്ങാതിരിക്കാനുള്ള കാരണം സംസ്ഥാന സർക്കാർ ബന്ധപ്പെട്ടവരോട് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഉണ്ട്.<br>സ്ഥലം അളന്നു നൽകിയിട്ടില്ലാത്തതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത്. |

*സെക്ഷൻ ഓഫീസർ*